# കേരള സർവകലാശാല

നം. പി.ആർ.015/2017 ഫോൺ : 2305738

## പത്രക്കുറിപ്പ്

### ബി.എസ്സി പ്രാക്ടിക്കൽ

കേരള സർവകലാശാല 2016 നവംബറിൽ നടത്തിയ അഞ്ചാം സെമസ്റ്റർ ബി.എസ്സി (സി.ബി.സി.എസ്) പ്രാക്ടിക്കൽ പരീക്ഷകൾ ഫെബ്രുവരി ആറു മുതൽ അതത് കേന്ദ്രങ്ങളിൽ നടത്തും. ടൈംടേബിൾ വെബ്സൈറ്റിൽ(www.keralauniversity.ac.in) ലഭിക്കും.

### വേദാന്ത പ്രഭാഷണ പരമ്പര

കേരള സർവകലാശാല കാര്യവട്ടം വേദാന്തപഠന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ മാർച്ച് 20 മുതൽ 30 വരെ വേദാന്ത പ്രഭാഷണ പരമ്പര നടക്കും. ABC of Vedanta എന്ന വിഷയത്തിൽ നടക്കുന്ന പ്രസ്തുത ക്ലാസ്സിൽ പങ്കെടുക്കുവാൻ താൽപര്യമുളളവർ vijayaisavasyam@gmail.com എന്ന വിലാസത്തിൽ ബന്ധപ്പെടുക. ഫോൺ:8547201074.

### പ്രാക്ടിക്കൽ ക്ലാസ്സില്ല

കേരള സർവകലാശാല വിദൂര വിദ്യാഭ്യാസ വിഭാഗം നടത്തുന്ന മൂന്നാം സെമസ്റ്റർ എം.എസ്സി. കമ്പ്യൂട്ടർ സയൻസ് കോഴ്സിന്റെ പ്രാക്ടിക്കൽ ക്ലാസ്സുകൾ ജനുവരി 21, 22 തീയതികളിൽ ഉണ്ടായിരിക്കുന്നതല്ല.

### സമ്പർക്ക ക്ലാസ്സ്

കേരള സർവകലാശാല വിദൂര വിദ്യാഭ്യാസ വിഭാഗം നടത്തുന്ന മൂന്നാം വർഷ ബി.എസ്സി. കമ്പ്യൂട്ടർ സയൻസ്/ബി.സി.എ കോഴ്സുകൾക്ക് ജനുവരി 21, 22 തീയതികളിൽ ക്ലാസ്സുകൾ ഉണ്ടായിരിക്കും.

### മാർക്ക് ലിസ്റ്റുകൾ കൈപ്പറ്റണം

കേരള സർവകലാശാല വിദൂര വിദ്യാഭ്യാസ വിഭാഗം 2016 ജൂലായ്/ആഗസ്റ്റ് നടത്തിയ എം.എ പൊളിറ്റിക്കൽ സയൻസ് പ്രീവിയസ്, ഫൈനൽ (റഗുലർ/റീ അപ്പിയറൻസ്) പരീക്ഷയുടെ മാർക്ക് ലിസ്റ്റുകൾ ജനുവരി 23, 24 തീയതികളിൽ പാളയം വിദൂര വിദ്യാഭ്യാസ വിഭാഗത്തിന്റെ ഓഫീസിൽ നിന്നും ഹാൾടിക്കറ്റും ഡിഗ്രി കോപ്പിയും സഹിതം കൈപ്പറ്റണം.

### എം.എ ഇക്കണോമിക്സ് ഫലം

കേരള സർവകലാശാല വിദൂര വിദ്യാഭ്യാസ വിഭാഗം 2016 ജൂലായ്/ആഗസ്റ്റ് നടത്തിയ എം.എ ഇക്കണോമിക്സ് പ്രീവിയസ്, ഫൈനൽ പരീക്ഷഫലം വെബ്സൈറ്റിൽ(www.keralauniversity.ac.in) ലഭിക്കും.

### ബി.കോം ടൈംടേബിൾ

കേരള സർവകലാശാല ഫെബ്രുവരി ഒമ്പത്, 14, 16 തീയതികളിൽ നടത്തുന്ന ബി.കോം ആന്വൽ സ്കീം പാർട്ട് ഒന്നും രണ്ടും സപ്ലിമെന്ററി പരീക്ഷ ടൈംടേബിൾ വെബ്സൈറ്റിൽ(www.keralauniversity.ac.in) ലഭിക്കും.

തിരുവനന്തപുരം. പബ്ലിക് റിലേഷൻസ് ഓഫീസർ
20.01.2017

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ

e-mail: ku.release@gmail.com website: www.keralauniversity.ac.in

University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098